## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പരിഷ്ക്കരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്

സ.ഉ. (എം.എസ്.) നമ്പർ 86/06/തസ്വഭവ. തീയതി, തിരുവനന്തപുരം 31.3.2006

പരാമർശം :- സ.ഉ. (എം.എസ്.)നം. 169/03/തസ്വഭവ തീയതി 27.05.2003

### ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശത്തിലെ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിരുന്നു. എന്നാൽ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടും ഇത് സംബന്ധിച്ച് കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും ധാരാളം അപേക്ഷകൾ സർക്കാരിന് ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

ചുവടെ കൊടുത്തിരിക്കുന്ന ആവശ്യങ്ങൾക്ക് വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല.

(i) സ്വന്തമായി വാഹനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ പുതുതായി ഒരു വാഹനം വാങ്ങുന്നതിന്.

(ii) എല്ലാതലങ്ങളിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ മാറ്റി പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന്; എന്നാൽ പഴയവാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ പുതിയവാഹനം വാങ്ങാൻ പാടുള്ളൂ.

(iii) ഖരമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്കും ഖരമാലിന്യങ്ങൾ ശേഖരിക്കുന്നിടത്തു നിന്നും സംസ്കരണ സ്ഥലങ്ങളിലേക്ക് കയറ്റിക്കൊണ്ട് പോകുന്നതിന് പ്രത്യേകം രൂപകൽപന ചെയ്തിട്ടുള്ള വാഹനങ്ങൾ വാങ്ങുന്നതിന്.

ഇപ്രകാരം വാഹനങ്ങൾ വാങ്ങുന്നതിന് പദ്ധതിവിഹിതം, പൊതു ആവശ്യഗ്രാന്റ്, തനത് ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്. എന്നാൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ മാത്രമേ വാഹനങ്ങൾ വാങ്ങാൻ പാടുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.